# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## <u>ബുള്ളറ്റിൻ—ഭാഗം I</u>

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

<u>2020 മാർച്ച് 12, വ്യാഴം</u>

**നമ്പർ 218**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

<u>ചോദ്യങ്ങൾ</u> :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

<u>അടിയന്തര പ്രമേയം</u> :

സർവ്വകലാശാലകളിൽ നിയമവിരുദ്ധമായി നടത്തിയതായി പറയപ്പെടുന്ന മാർക്ക് മോഡറേഷൻ സംബന്ധിച്ച ഗവർണ്ണറുടെ റിപ്പോർട്ട് അവഗണിച്ച സർക്കാരിന്റെ നടപടി മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ.റോജി എം. ജോണും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ അത്തരമൊരു റിപ്പോർട്ട് ഗവണ്മെന്റിന് ലഭ്യമായിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ അനുമതി നിഷേധിക്കുന്നതായും സ്പീക്കർ അറിയിച്ചു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

സഹകരണ ബാങ്കുകൾക്കുമേൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ആർ.ബി.ഐ.-ക്ക് അധികാരം നൽകുന്നതിന് ബാങ്കിംഗ് റഗുലേഷൻ നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്രസർക്കാർ തീരുമാനം സഹകരണ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന ആശങ്കകളിലേക്ക് ശ്രീ.വി.ജോയി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 455/2020.(1)

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങളുടെ മറുപടി മന്ത്രിമാർ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിലനിൽക്കുന്ന ഭൂമി നഗരസഭയ്ക്ക് കൈമാറുന്നതിന് നടപടി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. ജെ. വിനോദ് | കോന്തുരുത്തി പുഴയുടെ തീരത്ത് താമസിക്കുന്നവരുടെ പുനരധിവാസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. യു. ജനീഷ് കുമാർ | ഫുഡ് പ്രൊഡക്ഷൻ ഏരിയയിലെ കൃഷിക്കാർ നട്ടു വളർത്തിയ മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. രാജഗോപാലൻ | തൃക്കരിപ്പൂർ സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. മുല്ലക്കര രത്നാകരൻ | കെ.എസ്.ആർ.ടി.സി. ചടയമംഗലം സബ് ഡിപ്പോയിലെ ഷെഡ്യൂളുകൾ | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. ഉമ്മർ | മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് യൂണിറ്റ് | ഗതാഗത വകുപ്പുമന്ത്രി |
| 7 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികൾക്ക് സ്വന്തം കെട്ടിടം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഒ. ആർ. കേളു | തിരുനെല്ലി പഞ്ചായത്തിലെ കുരങ്ങുപനി ബാധ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. റ്റി. വി. രാജേഷ് | സഹകരണ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. റോഷി അഗസ്റ്റിൻ | വന്യജീവി സങ്കേതത്തിന്റെ ചുറ്റുമുള്ള പ്രദേശത്തെ ഇക്കോ സെൻസിറ്റീവ് സോൺ ആയുള്ള പ്രഖ്യാപനം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

(അടിയന്തരപ്രമേയം സംബന്ധിച്ച സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് ബി.ജെ.പി. ഒഴികെയുള്ള പ്രതിപക്ഷകക്ഷികൾ സഭ ബഹിഷ്കരിച്ചു.)

<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന</u> :

സംസ്ഥാനത്ത് കോവിഡ് -19 വ്യാപനത്തെത്തുടർന്നുണ്ടായ സാഹചര്യവും ആയത് നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ചട്ടം 300 പ്രകാരം താഴെപ്പറയുന്ന പ്രസ്താവന നടത്തി.

കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള പ്രചാരണങ്ങളും സമൂഹത്തിൽ നടക്കുന്ന ഒരു ഘട്ടമാണിത്. അടിസ്ഥാനരഹിതമായതുമുതൽ ആശങ്കാജനകമായതുവരെ പ്രചാരണങ്ങളിലുണ്ട്. അതുകൊണ്ടുതന്നെ ജനങ്ങളിൽ അതിരുകടന്ന ആശങ്ക പടരുന്നുവോ എന്ന് സംശയിക്കേണ്ട സാഹചര്യവുമുണ്ട്. ആയതിനാൽ യഥാർത്ഥ സ്ഥിതി ഈ സഭയെയും സഭയിലൂടെ ജനങ്ങളെയും അറിയിക്കുന്നതിന് വേണ്ടിയാണ് ഇങ്ങനെ ഒരു പ്രസ്താവന നടത്തുന്നത് എന്ന് ആമുഖമായി അറിയിക്കട്ടെ. ഒപ്പം തന്നെ പ്രാമുഖ്യത്തോടെ അറിയിക്കേണ്ട ഒരു കാര്യം അതിരുവിട്ട ആശങ്കകൾക്ക് അടിസ്ഥാനമില്ല എന്നതും ആ സ്ഥാനത്ത് വേണ്ടത് കാര്യമായ ജാഗ്രതയാണ് എന്നതുമാണ്.

പുതിയ ഈ വൈറസ് ബാധമൂലം ആഗോളതലത്തിൽ പടർന്നു പിടിച്ചിട്ടുള്ള കോവിഡ്-19 എന്ന രോഗം കേരളത്തിലും എത്തി എന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിനെ പ്രതിരോധിക്കാൻ കർശനമായ ജാഗ്രത നാം പാലിച്ചു. ഇത് മുൻനിർത്തി സമൂഹത്തെയാകെ ജാഗ്രതപ്പെടുത്തി. സമൂഹമാകട്ടെ എല്ലാ അർത്ഥത്തിലും അത് ഉൾക്കൊള്ളുകയും ചെയ്തു. ഇതിനോടൊപ്പം ആരോഗ്യരംഗത്തടക്കം സർക്കാർ എല്ലാ വിധത്തിലും സജ്ജമാവുക കൂടി ചെയ്തതോടെ ആശങ്കയുടെ കരിനിഴൽ ഒട്ടൊന്ന് ഒഴിഞ്ഞു. എങ്കിൽപ്പോലും സൂക്ഷ്മമായ ജാഗ്രത പാലിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു. ഇതുവരെ നടന്ന പ്രവർത്തനങ്ങൾ, നിലവിലുള്ള സ്ഥിതി, രോഗവ്യാപനം തടയുന്നതിനും രോഗബാധിതരുടെ ചികിത്സയ്ക്കും സ്വീകരിച്ചിട്ടുള്ള നടപടികൾ തുടങ്ങിയവ ഹ്രസ്വമായി അറിയിക്കട്ടെ.

**ആഗോളതല രോഗവ്യാപനവും കേരളത്തിലെ മുന്നൊരുക്കവും**

ചൈനയിലെ ഹുബൈ പ്രവിശ്യയിലെ വുഹാൻ സിറ്റിയിൽ പടർന്നു പിടിച്ച ന്യുമോണിയ രോഗം ഒരു പുതിയ തരം കൊറോണ വൈറസ് (നോവൽ കൊറോണ വൈറസ്) മൂലമാണെന്ന് തിരിച്ചറിഞ്ഞത് 2019 ഡിസംബർ അവസാനത്തോടെയാണ്. ഇത് അതിവേഗം മറ്റ് 105 രാജ്യങ്ങളിലേക്ക് പടർന്നുപിടിക്കുകയും നാലായിരത്തോളം പേർ മരണമടയുകയും ചെയ്തു. ഈ രോഗം ആഗോളതലത്തിൽ ഭീഷണിയായി മാറുന്നത്

സംബന്ധിച്ച ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻ തന്നെ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊണ്ടു. 2020 ജനുവരി 18-നും 22-നും ഇടയ്ക്കുതന്നെ ലോകാരോഗ്യ സംഘടനയുടെ അറിയിപ്പും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ ജില്ലകളിലും എത്തിച്ച് ജില്ലാതല ആരോഗ്യ സംരക്ഷണ സംവിധാനത്തെ സുസജ്ജമാക്കി. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള വാർത്ത വന്നുതുടങ്ങിയപ്പോൾ തന്നെ സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സയും പരിശീലനത്തിനും അവബോധമുണർത്തലിനുമുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

തുടർന്ന് ചൈനയിൽ നിന്ന് മടങ്ങുന്ന എല്ലാ യാത്രക്കാരുടെയും സ്ക്രീനിംഗ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലും തുറമുഖത്തും ആരംഭിച്ചു. സാധ്യമായ എല്ലാ കേസ്സുകളുടെയും കോണ്ടാക്റ്റ് ട്രെയ്സിംഗും ലൈൻ ലിസ്റ്റിംഗും സംസ്ഥാന, ജില്ലാ ഐ.ഡി.എസ്.പി. സെൽ നിരീക്ഷിക്കാൻ തുടങ്ങി. ചൈനയിൽ നിന്നുവരുന്ന എല്ലാ യാത്രക്കാരെയും തീവ്രമായി നിരീക്ഷിക്കാൻ പെരിഫറൽ ഹെൽത്ത് ടീമുകളെ സജ്ജമാക്കി.

ആഗോളതലത്തിൽ രോഗം കൂടുതൽ വ്യാപിക്കുകയും വിദേശത്ത് നിന്നെത്തുന്നവരുടെ എണ്ണം ഗണ്യമായി കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ രോഗബാധ കേരളത്തിലും എത്താനുള്ള സാദ്ധ്യത പരിഗണിച്ച് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ബന്ധപ്പെട്ട ജില്ലകളിലെ പ്രധാന സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഐസൊലേഷൻ സൗകര്യം ഒരുക്കാൻ ഡി.എം.ഒ.-മാരോട് നിർദ്ദേശിച്ചു. ആശുപത്രി ഐസൊലേഷൻ/ഹോം കോറന്റൈൻ നടപടികൾക്ക് വേണ്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ നിർദ്ദേശങ്ങളും അയച്ചുകൊടുത്തു. 2020 ജനുവരി 24-ന് തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വിവിധ ഉപഘടകങ്ങളെ ചേർത്തുകൊണ്ട് പ്രത്യേക കൺട്രോൾ റൂം സജ്ജമാക്കി. തുടർന്ന് ജനുവരി 28-ന് സംസ്ഥാന കൺട്രോൾ റൂമിന് സമാനമായ രീതിയിൽ ജില്ലാ തലത്തിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിരീക്ഷണം ആരംഭിച്ചു. എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലെയും ഐസോലെഷൻ റൂമുകളുടെ സൗകര്യങ്ങളുടെ വിശദാംശങ്ങൾ വിലയിരുത്തി. ജനുവരി 25-ന് തന്നെ എല്ലാ ആരോഗ്യമേഖലാ പ്രവർത്തകർക്കും നിർദ്ദേശം നൽകുകയും പ്രശ്നം കൈകാര്യം ചെയ്യുന്നതിന് പ്രാദേശികമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു.

**രോഗബാധ കേരളത്തിൽ**

ഇന്ത്യയിലെ ആദ്യത്തെ നോവൽ കൊറോണ വൈറസ് ബാധയുണ്ടായത് കേരളത്തിലാണെന്ന് ജനുവരി 30-നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം സ്ഥിരീകരിച്ചത്. ചൈനയിലെ വുഹാനിൽ നിന്ന് എത്തിയതും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിഞ്ഞിരുന്നതുമായ വിദ്യാർത്ഥിനിക്കാണ് ആദ്യ കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. ഇക്കാര്യം ഉടൻ തന്നെ ആരോഗ്യമന്ത്രിതലത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ആരോഗ്യവകുപ്പ് നേരത്തെ തന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസോടെ തന്നെ രോഗം തിരിച്ചറിയാൻ പറ്റി. ഇതിലൂടെ രോഗപ്പകർച്ച തടയുന്നതിനും ആരംഭത്തിൽ തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. അടിയന്തര സംസ്ഥാന, ജില്ലാതല ആർ.ആർ.ടി.-കൾ (റാപ്പിഡ് റെസ്പോൺസ് ടീം) വേഗം തന്നെ വിളിച്ചുചേർക്കുകയും ആരോഗ്യമന്ത്രി, സെക്രട്ടറി, ഡി.എച്ച്.എസ്. എന്നിവർ അതേ ദിവസം തന്നെ തൃശ്ശൂർ ജില്ല സന്ദർശിക്കുകയും ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ വേഗത്തിൽ ആസൂത്രണം ചെയ്യുകയും ചെയ്തു.

2020 ഫെബ്രുവരി ഒന്നു മുതൽ എൻ.സി.വി. സാമ്പിളുകൾ പരിശോധിക്കുന്നതിനായി ആലപ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റിൽ ക്രമീകരണങ്ങൾ നടത്തി. സംസ്ഥാന, ജില്ലാ കൺട്രോൾ റൂമുകളും കോൾ സെന്ററുകളും രാപ്പകൽ വ്യത്യാസമില്ലാതെ പ്രവർത്തനക്ഷമമാക്കി.

നിയുക്ത ആശുപത്രികളിൽ കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലെയും രണ്ട് ആശുപത്രികളെങ്കിലും ഐസോലേഷനും രോഗലക്ഷണ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാക്കുകയും ചെയ്തു. മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് രോഗലക്ഷണങ്ങളുള്ള രോഗികളെ പ്രവേശിപ്പിക്കാൻ സ്വകാര്യ ആശുപത്രികളെ സജ്ജമാക്കാൻ ജില്ലാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഫെബ്രുവരി രണ്ടിനാണ് കേരളത്തിലെ രണ്ടാമത്തെ നോവൽ കൊറോണ വൈറസ് ബാധിച്ചതായുള്ള സ്ഥിരീകരണം പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്നത്. നോവൽ കൊറോണ വൈറസ് ബാധിച്ചതായി സംശയിക്കുന്ന ഈ വിദ്യാർത്ഥി ചൈനയിൽ നിന്നും വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ ചികിത്സയിലായിരുന്നു. ഫെബ്രുവരി മൂന്നിന് വുഹാനിൽ നിന്നുള്ള യാത്രാ ചരിത്രമുള്ള കാസർകോഡ് നിവാസിയായ മൂന്നാമത്തെ വിദ്യാർത്ഥിയെ കോവിഡ്-19 പോസിറ്റീവ് ആയി കണ്ടെത്തി. അതേ തുടർന്ന് കൊറോണ വൈറസ് വ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികളും അവലോകനവും കൂടുതൽ ശക്തമാക്കുകയും സംസ്ഥാന വിപത്തായി പരിഗണിച്ചുള്ള ജാഗ്രതാ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

എല്ലാ സിനിമാ തിയേറ്ററുകളിലും കോവിഡ്-19 രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉപയോഗിച്ച് വീഡിയോകൾ പ്രക്ഷേപണം ചെയ്തു. എല്ലാ വാർത്താ ചാനലുകളും എഫ്.എം.-ഉം രോഗവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രക്ഷേപണം ചെയ്തുവരുന്നു. അവബോധ സന്ദേശങ്ങൾ സോഷ്യൽ മീഡിയയിലൂടെയും പ്രചരിപ്പിച്ചു. 40 ലക്ഷം സ്കൂൾ കുട്ടികൾക്ക് ആരോഗ്യവകുപ്പ് സ്മാർട്ട് ക്ലാസ് മുറികളിലൂടെ അവബോധം നൽകുകയുണ്ടായി. എയർപോർട്ടുകൾ, തുറമുഖങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും കർശന നിരീക്ഷണം ഉറപ്പാക്കി. തെറ്റായ വാർത്തകൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചതിന് നിയമനടപടികൾ സ്വീകരിച്ചു. ശ്രദ്ധാപൂർവ്വമായ നടപടികളെ തുടർന്ന് കൂടുതൽ രോഗവ്യാപനം ഉണ്ടാകാതിരിക്കുകയും ഫെബ്രുവരി രണ്ടും മൂന്നും ആഴ്ചകളിലായി ആദ്യ ഘട്ടത്തിലുള്ള മൂന്നുപേർക്കും രോഗം ഭേദമാവുകയും അവരെ ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. എന്നിരുന്നാലും ജാഗ്രതാ നടപടികൾ തുടർന്നു.

ഇറ്റലിയിലും ഇറാനിലും പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും രോഗം വ്യാപിക്കുന്നതും കണക്കിലെടുത്ത്, ഇറാനിൽ നിന്ന് നേരിട്ടുള്ള ഫ്ളൈറ്റുകളിലൂടെ വരുന്ന യാത്രക്കാരെ സ്ക്രീൻ ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശിച്ചു. ചൈന, ഹോങ്കോംഗ്, തായ്‌ലൻറ്, സിംഗപ്പൂർ, ജപ്പാൻ, ദക്ഷിണ കൊറിയ, വിയറ്റ്നാം, നേപ്പാൾ, ഇന്തോനേഷ്യ, മലേഷ്യ, ഇറാൻ എന്നിവിടങ്ങളിൽനിന്ന് വരുന്നവരോ 2020 ഫെബ്രുവരി 10 മുതൽ അത്തരം യാത്രാ ചരിത്രമുള്ളവരോ ഇന്ത്യയിലെത്തുമ്പോൾ 14 ദിവസത്തേക്ക് ഹോം ഐസൊലേഷൻ നിർബന്ധമാക്കി.

ഫെബ്രുവരി 29-ന് ഇന്ത്യാ ഗവണ്മെന്റിന്റെ ജോയിൻറ് സെക്രട്ടറി സംസ്ഥാനം സന്ദർശിക്കുകയും, സംസ്ഥാനം നടത്തിയ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ പശ്ചാത്തലത്തിൽ കാബിനറ്റ് സെക്രട്ടറി ശ്രീ.രാജീവ് ദൂബ എല്ലാ സംസ്ഥാനങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി. കേരള ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച അദ്ദേഹം പ്രിൻസിപ്പൽ സെക്രട്ടറിയോട് ഒരു ലഘു അവതരണം നടത്താൻ ആവശ്യപ്പെട്ടു. കേരളം വികസിപ്പിച്ച എസ്.ഒ.പി. (Standard Operating Procedure) പിന്തുടരാൻ എല്ലാ സംസ്ഥാനങ്ങളോടും അദ്ദേഹം ആവശ്യപ്പെട്ടു. പ്രതിരോധപ്രവർത്തനങ്ങളിലും മറ്റും ഇതര സംസ്ഥാനങ്ങൾക്ക് പിന്തുണ നൽകാനും നിർദ്ദേശിച്ചു.

കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും കാര്യത്തിൽ സംസ്ഥാനതലത്തിൽ തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകുവാനായി ചീഫ് സെക്രട്ടറി കേന്ദ്ര കാബിനെറ്റ് സെക്രട്ടറിയോട് ദേശീയ തലത്തിൽ നടന്ന വീഡിയോ കോൺഫറൻസിൽ അഭ്യർത്ഥിച്ചു. ടെസ്റ്റിംഗ് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കാനും കുവൈറ്റും, സൗദി അറേബ്യയും ആ രാജ്യങ്ങളിലെ പ്രവേശനത്തിനായി കൊറോണ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുവാനും അഭ്യർത്ഥിച്ചു.

**രണ്ടാമത്തെ രോഗവ്യാപനവും നടപടികളും**

ഈ വിധത്തിൽ കോവിഡ്-19 രോഗത്തിനെതിരെ കേരളം ശക്തമായ നടപടികളെടുത്തെങ്കിലും ഫെബ്രുവരി 29-ന് പത്തനംതിട്ട ജില്ലയിൽ ഇറ്റലിയിൽ നിന്നും വന്ന മൂന്ന് പേരടങ്ങുന്ന കുടുംബത്തിലെ 5 പേർക്ക് എട്ടാം തീയതി കോവിഡ്-19 രോഗം സ്ഥിരീകരിച്ചു. ഇവരിൽ മൂന്നുപേർ ഇറ്റലിയിൽ നിന്നും എത്തിയവരും മറ്റു രണ്ടുപേർ അവരുമായി സമ്പർക്കത്തിലേർപ്പെട്ട നാട്ടിലുള്ള ബന്ധുക്കളുമാണ്. വിമാനത്തിലും വിമാനത്താവളത്തിലും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടും ഈ മൂന്നുപേർ അത് അവഗണിക്കുകയാണ് ചെയ്തത്. ഇതാണ് രോഗവ്യാപനത്തിന് കാരണമായത്. ബന്ധുക്കളായ രണ്ടുപേർ കോവിഡ്-19 രോഗലക്ഷണത്തോടെ പനിചികിത്സക്കായി ആശുപത്രിയിൽ വന്നപ്പോഴാണ് ഇറ്റലിയിൽ നിന്നും വന്നവരുണ്ടെന്ന് അറിഞ്ഞത്. ഉടൻതന്നെ അവരോട് ആശുപത്രിയിലേക്ക് അടിയന്തരമായി മാറാൻ ആവശ്യപ്പെട്ടു. ഇവർ ആരോഗ്യവകുപ്പിന്റെ നിർദ്ദേശം അവഗണിക്കുകയാണുണ്ടായത്. ആരോഗ്യ പ്രശ്നങ്ങളില്ലെന്നാണ് അവർ പറഞ്ഞത്. എന്നാൽ നിർബന്ധപൂർവം ഇവരെ നിരീക്ഷണത്തിലാക്കി. സാമ്പിളെടുത്ത് പരിശോധിച്ചപ്പോഴാണ് ഫലം പോസിറ്റീവാണെന്ന് അറിഞ്ഞത്. അതിനോടകം ഇവർ ധാരാളം യാത്ര നടത്തിയതിനാൽ അവരുമായി സമ്പർക്കത്തിലേർപ്പെട്ടവരെയാകെ കണ്ടെത്തേണ്ട വലിയ പ്രവർത്തനമാണ് നടത്തേണ്ടി വന്നത്. പരിശോധനാഫലം പോസിറ്റീവാണെന്നറിഞ്ഞ രാത്രിയിൽതന്നെ വീഡിയോകോൺഫറൻസ് നടത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഇവർ പോയ സ്ഥലങ്ങളും ഇവരുമായി സമ്പർക്കത്തിലേർപ്പെട്ട ആളുകളേയും കണ്ടെത്താൻ ശക്തമായ നടപടി സ്വീകരിച്ചു. ഇവർ സഞ്ചരിച്ച വിമാനങ്ങളിൽ യാത്ര ചെയ്തവരേയും കണ്ടെത്തി വരുന്നു.

പുതിയ സാഹചര്യങ്ങളിൽ ജാഗ്രത കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ നടപടികൾ നിർദ്ദേശിച്ചു. ആറ്റുകാൽ പൊങ്കാലയിലും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. രോഗലക്ഷണങ്ങളുള്ളവർ ആരും പൊങ്കാല ഇടാൻ വരരുതെന്ന് നിർദ്ദേശം നൽകി. രോഗബാധിത രാജ്യങ്ങളിൽ നിന്നും വന്നവർ വീട്ടിൽത്തന്നെ പൊങ്കാലയിടാൻ നിർദ്ദേശം നൽകി. 23 ഹെൽത്ത് ടീമുകളും 12 ആംബുലൻസുകളും 5 ബൈക്ക് ആംബുലൻസുകളും സജ്ജമാക്കി. റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ അടക്കമുള്ള ടീമുകളെ അതത് സ്ഥലങ്ങളിൽ പനിയോ ജലദോഷമോ ഉള്ളവരേയും രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങി യെത്തിയവരേയും കണ്ടെത്താൻ ചുമതലപ്പെടുത്തി. റെയിൽവെ സ്റ്റേഷൻ, ബസ്സ്റ്റാന്റ്, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തി.

കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും സംസ്ഥാന തലത്തിൽ തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകുവാനായി കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു.

**നിലവിലുള്ള സാഹചര്യം**

പത്തനംതിട്ടയിൽ 5 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചതിന് പിന്നാലെ 7-3-2020-ന് ഇറ്റലിയിൽ നിന്ന് കേരളത്തിലേക്ക് മടങ്ങിയെത്തിയ 3 വയസുള്ള കുട്ടിക്ക് 9-3-2020-ന് രോഗബാധ കണ്ടെത്തി. പത്തനംതിട്ടയിലെ കോണ്ടാക്ട് ലിസ്റ്റിലുള്ള 6 പേർക്കും എറണാകുളം മെഡിക്കൽ കോളേജിൽ കോവിഡ്-19 സ്ഥിരീകരിച്ച മൂന്ന് വയസുള്ള കുട്ടിയുടെ മാതാപിതാക്കൾക്കും 10-ാം തീയതി രോഗം സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ സംസ്ഥാനത്ത് കോവിഡ് -19 രോഗം ബാധിച്ച 14 പേരാണുള്ളത്.

പത്തനംതിട്ട ജില്ലയിൽ 5 പോസിറ്റീവ് കേസ്സുകൾ ഉണ്ടായത് അറിഞ്ഞയുടൻ തന്നെ വലിയ പ്രവർത്തനമാണ് നടത്തിയത്. അപ്പോൾ മുതൽ കോണ്ടാക്ട് ട്രെയിനിംഗ് ശ്രമകരമായി നടത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ മീറ്റിംഗും പത്തനംതിട്ടയിൽ നടത്തിയിരുന്നു. പഴുതടച്ച പ്രവർത്തനമാണ് നടത്തിവരുന്നത്. കൂടുതൽ രോഗികൾ വരുന്നതനുസരിച്ച് ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. വിമാനത്താവളത്തിലും നിരീക്ഷണം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇറ്റലിയിൽ നിന്നും വന്ന മൂന്ന് പേരുമായി സമ്പർക്കത്തിലേർപ്പെട്ട കുറേ പേരിലേക്ക് രോഗപ്പകർച്ച ഉണ്ടാകുമെന്നാണ് വിലയിരുത്തുന്നത്. പക്ഷെ രണ്ട് ദിവസം കൊണ്ടുതന്നെ സാധ്യമായ എല്ലാ രീതികളും ഉപയോഗിച്ച് ഇവരുമായി സമ്പർക്കത്തിലായ ബഹുഭൂരിപക്ഷം പേരേയും കണ്ടെത്തുന്നതിനും അവരെ നിരീക്ഷണത്തിലാക്കുന്നതിനും കഴിഞ്ഞു. മാപ്പിംഗ് തയ്യാറാക്കിയാണ് ഇവർ പോയ സ്ഥലങ്ങൾ കണ്ടെത്തിയത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് ബാക്കിയുള്ളവരേയും കണ്ടെത്താനായുള്ള ശ്രമം നടന്നു വരുന്നു.

എറണാകുളത്ത് ചികിത്സയിലുള്ളവരോടൊപ്പം വിമാനത്തിൽ സഞ്ചരിച്ച ആളുകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനമായിട്ടുള്ളത് ആരുമായിട്ടൊക്കെ ഇവർ സമ്പർക്കത്തിലേർപ്പെട്ടു എന്നതാണ്. അവസാനമായി ബന്ധപ്പെട്ട ആളിനെവരെയും കണ്ടെത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

**നിലവിലുള്ള സാഹചര്യങ്ങൾ**

105 ലോകരാജ്യങ്ങളിൽ കോവിഡ് -19 രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1495 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1236 പേർ വീടുകളിലും 259 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയമുള്ള കേസ്സുകളിൽ 980 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 815 സാമ്പിളുകളുടെ

പരിശോധനാഫലം നെഗറ്റീവ് ആണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിലും രാജീവ്ഗാന്ധി ബയോടെക്നോളജി സെന്ററിലും പരിശോധിക്കാനുള്ള അനുമതി ചോദിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിൽ വിമാനത്താവളമുള്ളിടങ്ങളിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന ചീഫ് സെക്രട്ടറിയുടെ അഭ്യർത്ഥന കാബിനറ്റ് സെക്രട്ടറി അംഗീകരിച്ചു.

നിലവിൽ സംസ്ഥാനത്തുള്ള സാഹചര്യങ്ങൾ മാർച്ച് പത്തിന് നടന്ന പ്രത്യേക മന്ത്രിസഭായോഗം വിലയിരുത്തി. പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ വിപുലവും ശക്തവുമായ ഇടപെടൽ തുടരേണ്ടതുണ്ട് എന്ന് തീരുമാനിച്ചു. രോഗപ്പകർച്ച തടയുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

1. വിദേശത്തുനിന്നും എത്തുന്ന എല്ലാവരെയും വിമാനത്താവളങ്ങളിൽ വച്ചുതന്നെ പ്രാഥമിക പരിശോധന നടത്തുന്നതിനും, അതിനനുസരിച്ച് ആശുപത്രിയിലോ, വീട്ടിലോ നിരീക്ഷണത്തിന് മാറ്റുന്നതിനും വേണ്ടി ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തണം.

2. അടിയന്തിര സാഹചര്യങ്ങളിൽ ഐസൊലേഷൻ രോഗനിരീക്ഷണ സംവിധാനങ്ങളൊരുക്കാനുള്ള പ്രവർത്തന പരിപാടിക്ക് ആരോഗ്യവകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതിന് അനുയോജ്യമായ സ്ഥലസൗകര്യവും ഭൗതികസാഹചര്യങ്ങളും ഓരോ ജില്ലയിലും തിട്ടപ്പെടുത്തി പ്രാഥമിക പരിശോധന നടത്തി വയ്ക്കണം.

3. പ്രീപ്രൈമറി, ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകളും, മെഡിക്കൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒഴികെയുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. ഈ നിയന്ത്രണം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾക്കും, അൺഎയ്ഡഡ് വിദ്യാലയങ്ങൾക്കും ബാധകമാണ്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എൽ.സി. പരീക്ഷകളും, എട്ട്, ഒമ്പത് ക്ലാസുകളിലെ പരീക്ഷയും മാറ്റിവെയ്ക്കുന്നില്ല. ആ പരീക്ഷകൾ എഴുതാൻ വരുന്നവരിൽ ആർക്കെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിൽ പരീക്ഷ എഴുതിക്കും. പരീക്ഷ ഒഴികെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒരുതരം പഠനപ്രവർത്തനവും മാർച്ച് 31 വരെ ഉണ്ടാകരുത്. ട്യൂഷൻ ക്ലാസുകൾ, സ്പെഷ്യൽ ക്ലാസുകൾ, അവധിക്കാല ക്ലാസുകൾ തുടങ്ങിയവയെല്ലാം ഒഴിവാക്കണം. ഇതിന് വേണ്ട നടപടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പും, പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിക്കേണ്ടതാണ്.

4. മദ്രസകൾ, അങ്കണവാടികൾ, ട്യൂട്ടോറിയലുകൾ എന്നിവയും മാർച്ച് 31 വരെ അടച്ചിടണം. അങ്കണവാടികളിൽ പോകുന്ന കുട്ടികൾക്കുള്ള ഭക്ഷണം അവരവരുടെ വീടുകളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ വനിതാശിശുക്ഷേമ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

5. എല്ലാത്തരം ഉത്സവങ്ങളും, പള്ളിപ്പെരുന്നാളുകളും അതുപോലെയുള്ള മറ്റ് പരിപാടികളും ഒഴിവാക്കുകയും അവ ചടങ്ങുകൾ മാത്രമായി നടത്തുകയും ചെയ്യണം. ജനങ്ങളെ കൂട്ടത്തോടെ പങ്കെടുപ്പിക്കുന്ന പരിപാടികൾ ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

6. വിവാഹങ്ങൾ വളരെ ചുരുങ്ങിയ രീതിയിൽ മാത്രം നടത്തുവാനും, ഒട്ടനവധിപേർ ദർശനത്തിനുവരുന്ന ആരാധനാലയങ്ങളിൽ ദർശനത്തിന് പോകുന്നത് ഒഴിവാക്കുവാനും പൊതുജനങ്ങളോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

7. സിനിമാശാലകൾ മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. നാടകം പോലെ ആളുകൾ അധികമായി ഒത്തുചേരുന്ന കലാ-സാംസ്കാരിക പരിപാടികളും മാറ്റിവെക്കണം.

8. നിരീക്ഷണത്തിലുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് ഭക്ഷണമെത്തിക്കാൻ ജില്ലാ ഭരണകൂടം നടപടി സ്വീകരിക്കേണ്ടതുണ്ടതാണ്.

9. മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികൾ ഉൾപ്പെടെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ പൊതുപരിപാടികളും മാറ്റിവെക്കും.

10. സർക്കാരുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും രോഗബാധ നിയന്ത്രിക്കാനുള്ള മുൻകരുതലുകൾ ഏർപ്പെടുത്തും. എല്ലായിടത്തും സാനിറ്റൈസർ ലഭ്യമാക്കും.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വാർഡ് മെമ്പർമാരുടേയും ആശാവർക്കർമാരുടെയും, റസിഡന്റ്സ് അസോസിയേഷനുകളുടേയും സഹായത്തോടെ, കോവിഡ്-19 രോഗബാധിത പ്രദേശങ്ങളിൽ നിന്നും വന്നിട്ടുള്ളവരുണ്ടോയെന്ന് കണ്ടെത്താൻ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തും.

12. സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങളിൽക്കൂടി നൽകുന്ന വാർത്തകൾ അല്ലാതെ ചില അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ശക്തമായ നടപടി ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ടതാണ്.

13. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, മുടക്കമില്ലാതെ പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് കിട്ടാനും ആവശ്യമായ നടപടികൾ ഇലക്ട്രോണിക്സ് & ഐ.റ്റി. വകുപ്പ് സ്വീകരിക്കേണ്ടതാണ്.

14. പ്രവാസികളായ ഒട്ടനവധിയാളുകൾ അവധിക്ക് നാട്ടിലെത്തിയശേഷം ഇപ്പോൾ മടങ്ങിപ്പോകാനാകാതെ നാട്ടിലുണ്ട്. അവരുടെ ജോലി നഷ്ടപ്പെടുമോ എന്ന ആശങ്ക ഇവർക്കുണ്ട്. ഇവരുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നോർക്ക വകുപ്പ് ബന്ധപ്പെട്ട എംബസികളുമായി സംസാരിച്ച് പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തണം. അവരുടെ യാത്രാടിക്കറ്റുകൾ റദ്ദുചെയ്യപ്പെട്ട് സാമ്പത്തികനഷ്ടമുണ്ടാകാതെ, അവർക്ക് തിരിച്ചു പോകാനാകുന്ന സമയത്തേയ്ക്കായി മാറ്റിക്കിട്ടുന്നതിന് വിമാനക്കമ്പനികളുമായും കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയവുമായും ചർച്ചകൾ നടത്തി തീരുമാനിക്കണം. ഇത്തരം ആശങ്കകളും ബുദ്ധിമുട്ടും നേരിടുന്നവർക്ക് സഹായം നൽകുന്നതിന് നോർക്ക വകുപ്പ് ഒരു പ്രത്യേക കാൾ സെന്റർ ആരംഭിക്കേണ്ടതാണ്.

15. ആഗോളതല സാമ്പത്തിക വ്യാവസായിക പ്രതിസന്ധി കാരണം മരുന്നുകൾപോലുള്ള അവശ്യവസ്തുക്കളുടെ ഉത്പാദനത്തിൽ തടസ്സമുണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ വേണ്ടനടപടികൾ സ്വീകരിക്കുവാൻ വ്യവസായ വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**മടങ്ങി വരുന്ന ഇന്ത്യാക്കാരുടെ പ്രശ്നം**

കോവിഡ്-19 രോഗബാധ തീവ്രമായ രാജ്യങ്ങളിൽ നിന്ന് വരികയോ അവിടെ സന്ദർശനം നടത്തി വരുകയോ ചെയ്യുന്ന ഇന്ത്യാക്കാർക്ക് നാട്ടിലേക്കു മടങ്ങണമെങ്കിൽ അവിടത്തെ ആരോഗ്യവകുപ്പിൽ നിന്നും കോവിഡ്-19 രോഗബാധയില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കണം എന്ന നിബന്ധന കേന്ദ്രസർക്കാർ പുറപ്പെടുവിച്ചതിന്റെ ഫലമായി വിവിധ വിദേശ രാജ്യങ്ങളിലായി, പ്രത്യേകിച്ച് വിമാനത്താവളങ്ങളിലും മറ്റും ഒട്ടേറെ മലയാളികൾ കുടുങ്ങിപ്പോയതായി വിവരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളൊന്നും തന്നെ ഇത്തരം സാക്ഷ്യപത്രങ്ങൾ നൽകാനാകുന്ന സ്ഥിതിയിലല്ല എന്നതുകൊണ്ടുതന്നെ ഈ ഉത്തരവ് പിൻവലിക്കുന്നതിനും കുടുങ്ങിക്കിടക്കുന്ന യാത്രികരെ മടക്കിയെത്തിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ സത്വരമായ ഇടപെടൽ ആവശ്യമാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് 10-3-2020-ൽ തന്നെ പ്രധാനമന്ത്രിക്ക് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

**തുടർനടപടികൾ**

കോവിഡ്-19 ആഗോളതലത്തിൽ ഗുരുതരമായ ആഘാതമാണു സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ കൃത്യമായ നടപടിക്രമങ്ങളിലൂടെ നമ്മുടെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സാദ്ധ്യമാണ്. ഇക്കാര്യത്തിൽ ആശങ്കയല്ല ജാഗ്രതയും പൗരബോധത്തോടെയുള്ള പെരുമാറ്റവുമാണ് ആവശ്യം. ഇതുമായി ബന്ധപ്പെട്ട് ബഹുജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കാൻ നിയമസഭാംഗങ്ങൾ അടക്കമുള്ള പൊതുപ്രവർത്തകർ ജാഗ്രതയോടെ ഇടപെടേണ്ട ഘട്ടമാണിത്.

ഇക്കാര്യത്തിൽ എല്ലാവരുടേയും സഹകരണവും ഒത്തൊരുമിച്ചുള്ള പ്രവർത്തനവും ഉണ്ടാകണം. എല്ലാ സർക്കാർ സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിക്കുകയും എല്ലാ ജനങ്ങളും പരസ്പര ധാരണയോടെയും ജാഗ്രതയോടെയും സർക്കാർ നിർദ്ദേശങ്ങളോട് സഹകരിക്കുകയും വേണം.

ഒന്നിച്ചുനിന്ന് നമുക്ക് ഈ പ്രതിസന്ധിഘട്ടം തരണം ചെയ്യാം.

ഗവൺമെന്റ് പ്രമേയം (ചട്ടം 118) :

കോവിഡ് -19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ മൂലം പ്രവാസി ഇന്ത്യാക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന താഴെപ്പറയുന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവതരിപ്പിച്ചു.

കോവിഡ് -19 ലോകത്തിലെ പല രാജ്യങ്ങളിലും വ്യാപകമായതിനെ തുടർന്ന് യാത്രചെയ്യുന്നവർ, പ്രത്യേകിച്ച് രാജ്യാന്തര യാത്രക്കാർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇന്ത്യക്കാരായ പ്രവാസികൾ വളരെ വിഷമകരമായ സാഹചര്യം പലയിടത്തും നേരിടുന്നതായാണ് അറിയുന്നത്. കേന്ദ്രസർക്കാർ രോഗം പടരാതിരിക്കുന്നതിനുള്ള സുരക്ഷ ഒരുക്കുന്നതിനും യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും അടിയന്തരമായി ഇടപെടണം. എന്നാൽ, അതിനുപകരം ചട്ടങ്ങളുടെ കാഠിന്യം കൂട്ടുന്ന നടപടിക്രമങ്ങളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത് ഉത്കണ്ഠാജനകവും തീർത്തും ഒഴിവാക്കപ്പെടേണ്ടതുമാണ്.

ചൈനയിൽ വുഹാൻ പ്രവിശ്യയിലുള്ള വിദ്യാർത്ഥികൾക്ക് നാട്ടിലേക്ക് വരാൻ സൗകര്യങ്ങൾ ഒരുക്കണമെന്ന് സംസ്ഥാന സർക്കാർ ശക്തമായി ആവശ്യപ്പെട്ടതാണ്. അതിനെ തുടർന്ന് അവർക്ക് നാട്ടിലേക്ക് വരാൻ സൗകര്യമുണ്ടാക്കുകയും അവരെ മെഡിക്കൽ പരിശോധനയ്ക്കായി പ്രത്യേക സ്ഥലത്ത് പാർപ്പിക്കുകയും ചെയ്തിരുന്നു. പരിശോധനയ്ക്കുശേഷം രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അവരുടെ താമസസ്ഥലത്തേക്ക് പോകാൻ അനുവദിക്കുകയാണ് ഉണ്ടായത്.

പരീക്ഷിച്ച് വിജയിച്ച ഈ നടപടിക്രമം നിലവിലിരിക്കെയാണ് കേന്ദ്രവ്യോമയാന മന്ത്രാലയം 5-3-2020-ന് ഇതിന് വിരുദ്ധമായ ഒരു സർക്കുലർ പുറപ്പെടുവിച്ചത്. ഇറ്റലിയിൽ നിന്നും റിപ്പബ്ലിക്ക് ഓഫ് കൊറിയയിൽ നിന്നും യാത്രപുറപ്പെടുന്നവർക്കും ആ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്കും കോവിഡ്-19-ന്റെ ലക്ഷണങ്ങൾ ഇല്ലായെന്ന വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഇന്ത്യയിൽ പ്രവേശനം ഉള്ളൂ എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 2020 മാർച്ച് 10 അർദ്ധരാത്രി 12 മണി മുതലാണ് 4/1/2020-IR എന്ന നമ്പറിലുള്ള ഈ സർക്കുലർ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അടിസ്ഥാനപരമായി ഇത് മനുഷ്യത്വവിരുദ്ധവും പ്രവാസികളായ ഇന്ത്യക്കാരെ നിഷ്ഠുരം കൈവിടുന്നതിന് തുല്യവുമാണ്.

ഇറ്റലിയിൽ നിന്നും വിമാനടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ള മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാർക്ക് ഇതുമൂലം വിമാനത്തിൽ കയറാൻ സാധിക്കുന്നില്ല. ഇത് ഇവർക്ക് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇറ്റലിയിൽ ഇവരെയെല്ലാം വൈദ്യപരിശോധനയ്ക്ക് വിധേയരാക്കാനുള്ള സംവിധാനങ്ങൾ ഇപ്പോൾ ഇല്ലായെന്നാണ് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്.

രോഗലക്ഷണങ്ങൾ ഇല്ലാത്തവർക്ക് വൈദ്യ പരിശോധന നിർബന്ധമാക്കുന്നത് ന്യായയുക്തമല്ല എന്നും ഇവരെ യാത്രചെയ്ത് നാട്ടിലേക്ക് വരാൻ അനുവദിക്കണമെന്നും ഇവിടെയെത്തിയ ശേഷം ആവശ്യമായ വൈദ്യപരിശോധന പ്രോട്ടോക്കോൾ നിബന്ധനകൾ പ്രകാരം സ്വീകരിക്കാവുന്നതാണെന്നും ചൂണ്ടിക്കാണിച്ച് 11-3-2020 -ൽ സംസ്ഥാന സർക്കാർ ബഹു. പ്രധാനമന്ത്രിക്ക് സന്ദേശം അയച്ചിട്ടുണ്ട്.

പ്രവാസികളായ നമ്മുടെ നാട്ടുകാരെ ഇത്തരം പ്രതിസന്ധിഘട്ടത്തിൽ കൂടുതൽ വിഷമസന്ധിയിലാക്കുന്നത് കാലങ്ങളായി നാം സ്വീകരിച്ചുവരുന്ന നയസമീപനത്തിന് കടകവിരുദ്ധമാണ്. നമ്മുടെ നാടിന്റെ വികസനത്തിനും സമ്പദ്ഘടനയുടെ ശാക്തീകരണത്തിനും വിജ്ഞാനവർദ്ധനയ്ക്കും പ്രവാസി സമൂഹം നൽകുന്ന സംഭാവനകൾ അമൂല്യമാണ്. അവരെ ഈ പ്രതിസന്ധിഘട്ടത്തിൽ ഇത്തരത്തിൽ അധിക വൈഷമ്യത്തിലാക്കുന്ന സമീപനത്തിനെതിരെ ഈ സഭ അഭിപ്രായം രേഖപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിന്റെ എല്ലാ മേഖലകൾക്കും സംഭാവന നൽകുന്ന വിദേശത്തുള്ള നമ്മുടെ നാട്ടുകാരെ ഇവിടേക്കുവരുന്നതിൽ നിന്നും ഫലത്തിൽ വിലക്കുന്ന സർക്കുലർ ഉടൻ പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

ഇതോടൊപ്പം തന്നെ വിവിധ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസികൾ നാട്ടിൽ നിന്നും തിരിച്ചുപോയി ജോലിയിൽ പ്രവേശിക്കാൻ അതത് രാജ്യങ്ങളിലെ പലതരം നിബന്ധനകൾ കാരണം പ്രയാസങ്ങൾ നേരിടുകയാണ്. ഇതിനിടെയാണ് നമ്മുടെ ഭാഗത്തുനിന്നും കൂടി ചട്ടങ്ങൾ കർക്കശമാക്കുന്നത്. ഇത് പ്രവാസികളെ വല്ലാതെ വലയ്ക്കുന്നു. രോഗം പടരുന്നില്ല എന്ന് ഉറപ്പാക്കിക്കൊണ്ട് തന്നെ ഈ ചട്ടങ്ങളിൽ ഇളവുവരുത്താൻ കേന്ദ്രസർക്കാർ ശ്രദ്ധിക്കണമെന്നും ജോലിക്ക് തിരികെയെത്താൻ കഴിയാതെ വിഷമിക്കുന്നവർക്ക് വിസാ കാലാവധി, ജോലിക്ക് തിരികെ ചേരാനുള്ള കാലാവധി തുടങ്ങിയവ നീട്ടിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നയതന്ത്രതലത്തിൽ ഇടപെടണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

റിപ്പോർട്ട് സമർപ്പണം :

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ശ്രീ. ജോർജ് എം. തോമസ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. രാജഗോപാലൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിച്ചു.

ധനകാര്യം :

2020 -2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, വിനോദസഞ്ചാരം എന്ന XLII- ാം നമ്പർ ധനാഭ്യർത്ഥനയുടെയും ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് മേശപ്പുറത്തു വച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ മറുപടി പറഞ്ഞു. തുടർന്ന് ധനാഭ്യർത്ഥനകൾ XXVII, XLII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2020 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.13- ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Nineteenth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, March 12, 2020.*

**No. 218**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Two Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

The Speaker withheld consent to the moving of an adjournment motion given notice of by Shri Roji M. John and three other Members regarding the serious situation reported to have arisen due to the negligence of Governor's report by the Government regarding the alleged illegal mark moderation in Universities. The Speaker informed the House of his decision to withhold consent to the moving of the notice on the ground that no such report was available with the Government.

(In protest against the decision of the Speaker the Members belonging to the opposition moved into the well of the House raising slogans and tried to disrupt the proceedings of the House.)

*Calling Attention* :

Shri V. Joy called the attention of the Minister for Co-operation, Tourism and Devaswoms to the apprehension created in the Co-operative sector due to the Central Government decision to amend the Banking Regulation Act to give the RBI wider powers to regulate Co-operative Banks. The Minister made a statement thereto.

KNPP. 455/2020. (ii)

The Matters raised by Members under Rule 304 :

The Ministers concerned laid on the table the statements on the following matters under Rule 304.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എ. എൻ. ഷംസീർ | തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിലനിൽക്കുന്ന ഭൂമി നഗരസഭയ്ക്ക് കൈമാറുന്നതിന് നടപടി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. ജെ. വിനോദ് | കോന്തുരുത്തി പുഴയുടെ തീരത്ത് താമസിക്കുന്നവരുടെ പുനരധിവാസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. യു. ജനീഷ് കുമാർ | ഫുഡ് പ്രൊഡക്ഷൻ ഏരിയയിലെ കൃഷിക്കാർ നട്ടു വളർത്തിയ മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. രാജഗോപാലൻ | തൃക്കരിപ്പൂർ സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. മുല്ലക്കര രത്നാകരൻ | കെ.എസ്.ആർ.ടി.സി. ചടയമംഗലം സബ് ഡിപ്പോയിലെ ഷെഡ്യൂളുകൾ | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. ഉമ്മർ | മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് യൂണിറ്റ് | ഗതാഗത വകുപ്പുമന്ത്രി |
| 7 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികൾക്ക് സ്വന്തം കെട്ടിടം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഒ. ആർ. കേളു | തിരുനെല്ലി പഞ്ചായത്തിലെ കുരങ്ങുപനി ബാധ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 9 | ശ്രീ. റ്റി. വി. രാജേഷ് | സഹകരണ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. റോഷി അഗസ്റ്റിൻ | വന്യജീവി സങ്കേതത്തിന്റെ ചുറ്റുമുള്ള പ്രദേശത്തെ ഇക്കോ സെൻസിറ്റീവ് സോൺ ആയുള്ള പ്രഖ്യാപനം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

(In protest against the decision of the Speaker regarding the Adjournment Motion the Members belonging to the opposition except B.J.P. boycotted the House.)

*Statement Under Rule 300* :

Shri Pinarayi Vijayan, Chief Minister made a statement under Rule 300, regarding the situation in the wake of Covid-19 spread and control measures taken by Sate Government.

കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള പ്രചാരണങ്ങളും സമൂഹത്തിൽ നടക്കുന്ന ഒരു ഘട്ടമാണിത്. അടിസ്ഥാനരഹിതമായതുമുതൽ ആശങ്കാജനകമായതുവരെ പ്രചാരണങ്ങളിലുണ്ട്. അതുകൊണ്ടുതന്നെ ജനങ്ങളിൽ അതിരുകടന്ന ആശങ്ക പടരുന്നുവോ എന്ന് സംശയിക്കേണ്ട സാഹചര്യവുമുണ്ട്. ആയതിനാൽ യഥാർത്ഥ സ്ഥിതി ഈ സഭയെയും സഭയിലൂടെ ജനങ്ങളെയും അറിയിക്കുന്നതിന് വേണ്ടിയാണ് ഇങ്ങനെ ഒരു പ്രസ്താവന നടത്തുന്നത് എന്ന് ആമുഖമായി അറിയിക്കട്ടെ. ഒപ്പം തന്നെ പ്രാമുഖ്യത്തോടെ അറിയിക്കേണ്ട ഒരു കാര്യം അതിരുവിട്ട ആശങ്കകൾക്ക് അടിസ്ഥാനമില്ല എന്നതും ആ സ്ഥാനത്ത് വേണ്ടത് കാര്യമായ ജാഗ്രതയാണ് എന്നതുമാണ്.

പുതിയ ഈ വൈറസ് ബാധമൂലം ആഗോളതലത്തിൽ പടർന്നു പിടിച്ചിട്ടുള്ള കോവിഡ്-19 എന്ന രോഗം കേരളത്തിലും എത്തി എന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിനെ പ്രതിരോധിക്കാൻ കർശനമായ ജാഗ്രത നാം പാലിച്ചു. ഇത് മുൻനിർത്തി സമൂഹത്തെയാകെ ജാഗ്രതപ്പെടുത്തി. സമൂഹമാകട്ടെ എല്ലാ അർത്ഥത്തിലും അത് ഉൾക്കൊള്ളുകയും ചെയ്തു. ഇതിനോടൊപ്പം ആരോഗ്യരംഗത്തടക്കം സർക്കാർ എല്ലാ വിധത്തിലും സജ്ജമാവുക കൂടി ചെയ്തതോടെ ആശങ്കയുടെ കരിനിഴൽ ഒട്ടൊന്ന് ഒഴിഞ്ഞു. എങ്കിൽപ്പോലും സൂക്ഷ്മമായ ജാഗ്രത പാലിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു. ഇതുവരെ നടന്ന പ്രവർത്തനങ്ങൾ, നിലവിലുള്ള സ്ഥിതി, രോഗവ്യാപനം തടയുന്നതിനും രോഗബാധിതരുടെ ചികിത്സയ്ക്കും സ്വീകരിച്ചിട്ടുള്ള നടപടികൾ തുടങ്ങിയവ ഹ്രസ്വമായി അറിയിക്കട്ടെ.

**ആഗോളതല രോഗവ്യാപനവും കേരളത്തിലെ മുന്നൊരുക്കവും**

ചൈനയിലെ ഹുബൈ പ്രവിശ്യയിലെ വുഹാൻ സിറ്റിയിൽ പടർന്നു പിടിച്ച ന്യുമോണിയ രോഗം ഒരു പുതിയ തരം കൊറോണ വൈറസ് (നോവൽ കൊറോണ വൈറസ്) മൂലമാണെന്ന് തിരിച്ചറിഞ്ഞത് 2019 ഡിസംബർ അവസാനത്തോടെയാണ്. ഇത് അതിവേഗം മറ്റ് 105 രാജ്യങ്ങളിലേക്ക് പടർന്നുപിടിക്കുകയും നാലായിരത്തോളം

പേർ മരണമടയുകയും ചെയ്തു. ഈ രോഗം ആഗോളതലത്തിൽ ഭീഷണിയായി മാറുന്നത് സംബന്ധിച്ച ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻ തന്നെ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊണ്ടു. 2020 ജനുവരി 18-നും 22-നും ഇടയ്ക്കുതന്നെ ലോകാരോഗ്യ സംഘടനയുടെ അറിയിപ്പും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ മാർഗനിർദ്ദേശങ്ങളും എല്ലാ ജില്ലകളിലും എത്തിച്ച് ജില്ലാതല ആരോഗ്യ സംരക്ഷണ സംവിധാനത്തെ സുസജ്ജമാക്കി. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള വാർത്ത വന്നുതുടങ്ങിയപ്പോൾ തന്നെ സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സയും പരിശീലനത്തിനും അവബോധമുണർത്തലിനുമുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

തുടർന്ന് ചൈനയിൽ നിന്ന് മടങ്ങുന്ന എല്ലാ യാത്രക്കാരുടെയും സ്ക്രീനിംഗ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലും തുറമുഖത്തും ആരംഭിച്ചു. സാധ്യമായ എല്ലാ കേസുകളുടെയും കോണ്ടാക്റ്റ് ട്രെയ്സിംഗും ലൈൻ ലിസ്റ്റിംഗും സംസ്ഥാന, ജില്ലാ ഐ.ഡി.എസ്.പി. സെൽ നിരീക്ഷിക്കാൻ തുടങ്ങി. ചൈനയിൽ നിന്നുവരുന്ന എല്ലാ യാത്രക്കാരെയും തീവ്രമായി നിരീക്ഷിക്കാൻ പെരിഫറൽ ഹെൽത്ത് ടീമുകളെ സജ്ജമാക്കി.

ആഗോളതലത്തിൽ രോഗം കൂടുതൽ വ്യാപിക്കുകയും വിദേശത്ത് നിന്നെത്തുന്നവരുടെ എണ്ണം ഗണ്യമായി കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ രോഗബാധ കേരളത്തിലും എത്താനുള്ള സാദ്ധ്യത പരിഗണിച്ച് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ബന്ധപ്പെട്ട ജില്ലകളിലെ പ്രധാന സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഐസൊലേഷൻ സൗകര്യം ഒരുക്കാൻ ഡി.എം.ഒ.-മാരോട് നിർദേശിച്ചു. ആശുപത്രി ഐസൊലഷൻ/ഹോം കോറന്റൈൻ നടപടികൾക്ക് വേണ്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ നിർദ്ദേശങ്ങളും അയച്ചുകൊടുത്തു. 2020 ജനുവരി 24-ന് തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വിവിധ ഉപഘടകങ്ങളെ ചേർത്തുകൊണ്ട് പ്രത്യേക കൺട്രോൾ റൂം സജ്ജമാക്കി. തുടർന്ന് ജനുവരി 28-ന് സംസ്ഥാന കൺട്രോൾ റൂമിന് സമാനമായ രീതിയിൽ ജില്ലാ തലത്തിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിരീക്ഷണം ആരംഭിച്ചു. എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിച്ചു. എല്ലാ ജില്ലകളിലെയും ഐസോലെഷൻ റൂമുകളുടെ സൗകര്യങ്ങളുടെ വിശദാംശങ്ങൾ വിലയിരുത്തി. ജനുവരി 25-ന് തന്നെ എല്ലാ ആരോഗ്യമേഖലാ പ്രവർത്തകർക്കും നിർദ്ദേശം നൽകുകയും പ്രശ്നം കൈകാര്യം ചെയ്യുന്നതിന് പ്രാദേശികമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു.

**രോഗബാധ കേരളത്തിൽ**

ഇന്ത്യയിലെ ആദ്യത്തെ നോവൽ കൊറോണ വൈറസ് ബാധയുണ്ടായത് കേരളത്തിലാണെന്ന് ജനുവരി 30-നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം സ്ഥിരീകരിച്ചത്. ചൈനയിലെ വുഹാനിൽ നിന്ന് എത്തിയതും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിഞ്ഞിരുന്നതുമായ വിദ്യാർത്ഥിനിക്കാണ് ആദ്യ കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. ഇക്കാര്യം ഉടൻ തന്നെ ആരോഗ്യമന്ത്രിതലത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ആരോഗ്യവകുപ്പ് നേരത്തെ തന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസോടെ തന്നെ രോഗം തിരിച്ചറിയാൻ പറ്റി. ഇതിലൂടെ രോഗപ്പകർച്ച തടയുന്നതിനും ആരംഭത്തിൽ തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. അടിയന്തര സംസ്ഥാന, ജില്ലാതല ആർ.ആർ.ടി.-കൾ (റാപ്പിഡ് റെസ്പോൺസ് ടീം) വേഗം തന്നെ വിളിച്ചുചേർക്കുകയും ആരോഗ്യമന്ത്രി, സെക്രട്ടറി, ഡി.എച്ച്.എസ്. എന്നിവർ അതേ ദിവസം തന്നെ തൃശ്ശൂർ ജില്ല സന്ദർശിക്കുകയും ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ വേഗത്തിൽ ആസൂത്രണം ചെയ്യുകയും ചെയ്തു.

2020 ഫെബ്രുവരി ഒന്നു മുതൽ എൻ.സി.വി. സാമ്പിളുകൾ പരിശോധിക്കുന്നതിനായി ആലപ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി യൂണിറ്റിൽ ക്രമീകരണങ്ങൾ നടത്തി. സംസ്ഥാന, ജില്ലാ കൺട്രോൾ റൂമുകളും കോൾ സെന്ററുകളും രാപ്പകൽ വ്യത്യാസമില്ലാതെ പ്രവർത്തനക്ഷമമാക്കി.

നിയുക്ത ആശുപത്രികളിൽ കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലെയും രണ്ട് ആശുപത്രികളെങ്കിലും ഐസോലെഷനും രോഗലക്ഷണ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാക്കുകയും ചെയ്തു. മാർഗനിർദേശങ്ങളനുസരിച്ച് രോഗലക്ഷണങ്ങളുള്ള രോഗികളെ പ്രവേശിപ്പിക്കാൻ സ്വകാര്യ ആശുപത്രികളെ സജ്ജമാക്കാൻ ജില്ലാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഫെബ്രുവരി രണ്ടിനാണ് കേരളത്തിലെ രണ്ടാമത്തെ നോവൽ കൊറോണ വൈറസ് ബാധിച്ചതായുള്ള സ്ഥിരീകരണം പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്നത്. നോവൽ കൊറോണ വൈറസ് ബാധിച്ചതായി സംശയിക്കുന്ന ഈ വിദ്യാർത്ഥി ചൈനയിൽ നിന്നും വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ ചികിത്സയിലായിരുന്നു. ഫെബ്രുവരി മൂന്നിന് വുഹാനിൽ നിന്നുള്ള യാത്രാ ചരിത്രമുള്ള കാസർകോഡ് നിവാസിയായ മൂന്നാമത്തെ വിദ്യാർത്ഥിയെ കോവിഡ്-19 പോസിറ്റീവ് ആയി കണ്ടെത്തി. അതേ തുടർന്ന് കൊറോണ വൈറസ് വ്യാപനം തടയുന്നതിനും

നിയന്ത്രിക്കുന്നതിനുമുള്ള നടപടികളും അവലോകനവും കൂടുതൽ ശക്തമാക്കുകയും സംസ്ഥാന വിപത്തായി പരിഗണിച്ചുള്ള ജാഗ്രതാ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

എല്ലാ സിനിമാ തിയേറ്ററുകളിലും കോവിഡ്-19 രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉപയോഗിച്ച് വീഡിയോകൾ പ്രക്ഷേപണം ചെയ്തു. എല്ലാ വാർത്താ ചാനലുകളും എഫ്.എം.-ഉം രോഗവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രക്ഷേപണം ചെയ്തുവരുന്നു. അവബോധ സന്ദേശങ്ങൾ സോഷ്യൽ മീഡിയയിലൂടെയും പ്രചരിപ്പിച്ചു. 40 ലക്ഷം സ്കൂൾ കുട്ടികൾക്ക് ആരോഗ്യവകുപ്പ് സ്മാർട്ട് ക്ലാസ് മുറികളിലൂടെ അവബോധം നൽകുകയുണ്ടായി. എയർപോർട്ടുകൾ, തുറമുഖങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും കർശന നിരീക്ഷണം ഉറപ്പാക്കി. തെറ്റായ വാർത്തകൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചതിന് നിയമനടപടികൾ സ്വീകരിച്ചു. ശ്രദ്ധാപൂർവ്വമായ നടപടികളെ തുടർന്ന് കൂടുതൽ രോഗവ്യാപനം ഉണ്ടാകാതിരിക്കുകയും ഫെബ്രുവരി രണ്ടും മൂന്നും ആഴ്ചകളിലായി ആദ്യ ഘട്ടത്തിലുള്ള മൂന്നുപേർക്കും രോഗം ഭേദമാവുകയും അവരെ ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. എന്നിരുന്നാലും ജാഗ്രതാ നടപടികൾ തുടർന്നു.

ഇറ്റലിയിലും ഇറാനിലും പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും രോഗം വ്യാപിക്കുന്നതും കണക്കിലെടുത്ത്, ഇറാനിൽ നിന്ന് നേരിട്ടുള്ള ഫ്ളൈറ്റുകളിലൂടെ വരുന്ന യാത്രക്കാരെ സ്ക്രീൻ ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശിച്ചു. ചൈന, ഹോങ്കോംഗ്, തായ്‌ലൻഡ്, സിംഗപ്പൂർ, ജപ്പാൻ, ദക്ഷിണ കൊറിയ, വിയറ്റ്നാം, നേപ്പാൾ, ഇന്തോനേഷ്യ, മലേഷ്യ, ഇറാൻ എന്നിവിടങ്ങളിൽനിന്ന് വരുന്നവരോ 2020 ഫെബ്രുവരി 10 മുതൽ അത്തരം യാത്രാ ചരിത്രമുള്ളവരോ ഇന്ത്യയിലെത്തുമ്പോൾ 14 ദിവസത്തേക്ക് ഹോം ഐസൊലേഷൻ നിർബന്ധമാക്കി.

ഫെബ്രുവരി 29-ന് ഇന്ത്യാ ഗവണ്മെന്റിന്റെ ജോയിന്റ് സെക്രട്ടറി സംസ്ഥാനം സന്ദർശിക്കുകയും, സംസ്ഥാനം നടത്തിയ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ പശ്ചാത്തലത്തിൽ കാബിനറ്റ് സെക്രട്ടറി ശ്രീ.രാജീവ് ഗൗബ എല്ലാ സംസ്ഥാനങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി. കേരള ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച അദ്ദേഹം പ്രിൻസിപ്പൽ സെക്രട്ടറിയോട് ഒരു ലഘു അവതരണം നടത്താൻ ആവശ്യപ്പെട്ടു. കേരളം വികസിപ്പിച്ച എസ്.ഒ.പി. (Standard Operating Procedure) പിന്തുടരാൻ എല്ലാ സംസ്ഥാനങ്ങളോടും അദ്ദേഹം ആവശ്യപ്പെട്ടു. പ്രതിരോധപ്രവർത്തനങ്ങളിലും മറ്റും ഇതര സംസ്ഥാനങ്ങൾക്ക് പിന്തുണ നൽകാനും നിർദ്ദേശിച്ചു.

കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും കാര്യത്തിൽ സംസ്ഥാനതലത്തിൽ തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം

നൽകുവാനായി ചീഫ് സെക്രട്ടറി കേന്ദ്ര കാബിനെറ്റ് സെക്രട്ടറിയോട് ദേശീയ തലത്തിൽ നടന്ന വീഡിയോ കോൺഫറൻസിൽ അഭ്യർത്ഥിച്ചു. ടെസ്റ്റിംഗ് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കാനും കുവൈറ്റും, സൗദി അറേബ്യയും ആ രാജ്യങ്ങളിലെ പ്രവേശനത്തിനായി കൊറോണ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുവാനും അഭ്യർത്ഥിച്ചു.

**രണ്ടാമത്തെ രോഗവ്യാപനവും നടപടികളും**

ഈ വിധത്തിൽ കോവിഡ്-19 രോഗത്തിനെതിരെ കേരളം ശക്തമായ നടപടികളെടുത്തെങ്കിലും ഫെബ്രുവരി 29-ന് പത്തനംതിട്ട ജില്ലയിൽ ഇറ്റലിയിൽ നിന്നും വന്ന മൂന്ന് പേരടങ്ങുന്ന കുടുംബത്തിലെ 5 പേർക്ക് എട്ടാം തീയതി കോവിഡ് -19 രോഗം സ്ഥിരീകരിച്ചു. ഇവരിൽ മൂന്നുപേർ ഇറ്റലിയിൽ നിന്നും എത്തിയവരും മറ്റു രണ്ടുപേർ അവരുമായി സമ്പർക്കത്തിലേർപ്പെട്ട നാട്ടിലുള്ള ബന്ധുക്കളുമാണ്. വിമാനത്തിലും വിമാനത്താവളത്തിലും കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടും ഈ മൂന്നുപേർ അത് അവഗണിക്കുകയാണ് ചെയ്തത്. ഇതാണ് രോഗവ്യാപനത്തിന് കാരണമായത്. ബന്ധുക്കളായ രണ്ടുപേർ കോവിഡ്-19 രോഗലക്ഷണത്തോടെ പനിചികിത്സക്കായി ആശുപത്രിയിൽ വന്നപ്പോഴാണ് ഇറ്റലിയിൽ നിന്നും വന്നവരുണ്ടെന്ന് അറിഞ്ഞത്. ഉടൻതന്നെ അവരോട് ആശുപത്രിയിലേക്ക് അടിയന്തരമായി മാറാൻ ആവശ്യപ്പെട്ടു. ഇവർ ആരോഗ്യവകുപ്പിന്റെ നിർദ്ദേശം അവഗണിക്കുകയാണുണ്ടായത്. ആരോഗ്യ പ്രശ്നങ്ങളില്ലെന്നാണ് അവർ പറഞ്ഞത്. എന്നാൽ നിർബന്ധപൂർവം ഇവരെ നിരീക്ഷണത്തിലാക്കി. സാമ്പിളെടുത്ത് പരിശോധിച്ചപ്പോഴാണ് ഫലം പോസിറ്റീവാണെന്ന് അറിഞ്ഞത്. അതിനോടകം ഇവർ ധാരാളം യാത്ര നടത്തിയതിനാൽ അവരുമായി സമ്പർക്കത്തിലേർപ്പെട്ടവരെയാകെ കണ്ടെത്തേണ്ട വലിയ പ്രവർത്തനമാണ് നടത്തേണ്ടി വന്നത്. പരിശോധനാഫലം പോസിറ്റീവാണെന്നറിഞ്ഞ രാത്രിയിൽതന്നെ വീഡിയോ കോൺഫറൻസ് നടത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഇവർ പോയ സ്ഥലങ്ങളും ഇവരുമായി സമ്പർക്കത്തിലേർപ്പെട്ട ആളുകളേയും കണ്ടെത്താൻ ശക്തമായ നടപടി സ്വീകരിച്ചു. ഇവർ സഞ്ചരിച്ച വിമാനങ്ങളിൽ യാത്ര ചെയ്തവരേയും കണ്ടെത്തി വരുന്നു.

പുതിയ സാഹചര്യങ്ങളിൽ ജാഗ്രത കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ നടപടികൾ നിർദ്ദേശിച്ചു. ആറ്റുകാൽ പൊങ്കാലയിലും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. രോഗലക്ഷണങ്ങളുള്ളവർ ആരും പൊങ്കാല ഇടാൻ വരരുതെന്ന് നിർദ്ദേശം നൽകി. രോഗബാധിത രാജ്യങ്ങളിൽ നിന്നും വന്നവർ വീട്ടിൽത്തന്നെ പൊങ്കാലയിടാൻ നിർദ്ദേശം നൽകി. 23 ഹെൽത്ത് ടീമുകളും 12 ആംബുലൻസുകളും 5 ബൈക്ക് ആംബുലൻസുകളും സജ്ജമാക്കി. റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ അടക്കമുള്ള ടീമുകളെ അതത് സ്ഥലങ്ങളിൽ പനിയോ

ജലദോഷമോ ഉള്ളവരേയും രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങി യെത്തിയവരേയും കണ്ടെത്താൻ ചുമതലപ്പെടുത്തി. റെയിൽവെ സ്റ്റേഷൻ, ബസ്സ്റ്റാന്റ്, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ ബോധവൽക്കരണം നടത്തി.

കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും സംസ്ഥാന തലത്തിൽ തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകുവാനായി കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു.

**നിലവിലുള്ള സാഹചര്യം**

പത്തനംതിട്ടയിൽ 5 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചതിന് പിന്നാലെ 7-3-2020-ന് ഇറ്റലിയിൽ നിന്ന് കേരളത്തിലേക്ക് മടങ്ങിയെത്തിയ 3 വയസുള്ള കുട്ടിക്ക് 9-3-2020-ന് രോഗബാധ കണ്ടെത്തി. പത്തനംതിട്ടയിലെ കോണ്ടാക്ട് ലിസ്റ്റിലുള്ള 6 പേർക്കും എറണാകുളം മെഡിക്കൽ കോളേജിൽ കോവിഡ്-19 സ്ഥിരീകരിച്ച മൂന്ന് വയസുള്ള കുട്ടിയുടെ മാതാപിതാക്കൾക്കും 10-ാം തീയതി രോഗം സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ സംസ്ഥാനത്ത് കോവിഡ് -19 രോഗം ബാധിച്ച 14 പേരാണുള്ളത്.

പത്തനംതിട്ട ജില്ലയിൽ 5 പോസിറ്റീവ് കേസുകൾ ഉണ്ടായത് അറിഞ്ഞയുടൻ തന്നെ വലിയ പ്രവർത്തനമാണ് നടത്തിയത്. അപ്പോൾ മുതൽ കോണ്ടാക്ട് ട്രെയിനിംഗ് ശ്രമകരമായി നടത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ മീറ്റിംഗും പത്തനംതിട്ടയിൽ നടത്തിയിരുന്നു. പഴുതടച്ച പ്രവർത്തനമാണ് നടത്തിവരുന്നത്. കൂടുതൽ രോഗികൾ വരുന്നതനുസരിച്ച് ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും. വിമാനത്താവളത്തിലും നിരീക്ഷണം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇറ്റലിയിൽ നിന്നും വന്ന മൂന്ന് പേരുമായി സമ്പർക്കത്തിലേർപ്പെട്ട കുറേ പേരിലേക്ക് രോഗപ്പകർച്ച ഉണ്ടാകുമെന്നാണ് വിലയിരുത്തുന്നത്. പക്ഷെ രണ്ട് ദിവസം കൊണ്ടുതന്നെ സാധ്യമായ എല്ലാ രീതികളും ഉപയോഗിച്ച് ഇവരുമായി സമ്പർക്കത്തിലായ ബഹുഭൂരിപക്ഷം പേരെയും കണ്ടെത്തുന്നതിനും അവരെ നിരീക്ഷണത്തിലാക്കുന്നതിനും കഴിഞ്ഞു. മാപ്പിംഗ് തയ്യാറാക്കിയാണ് ഇവർ പോയ സ്ഥലങ്ങൾ കണ്ടെത്തിയത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് ബാക്കിയുള്ളവരേയും കണ്ടെത്താനായുള്ള ശ്രമം നടന്നു വരുന്നു.

എറണാകുളത്ത് ചികിത്സയിലുള്ളവരോടൊപ്പം വിമാനത്തിൽ സഞ്ചരിച്ച ആളുകളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനമായിട്ടുള്ളത് ആരുമായിട്ടൊക്കെ ഇവർ സമ്പർക്കത്തിലേർപ്പെട്ടു എന്നതാണ്. അവസാനമായി ബന്ധപ്പെട്ട ആളിനെവരെയും കണ്ടെത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

**നിലവിലുള്ള സാഹചര്യങ്ങൾ**

105 ലോകരാജ്യങ്ങളിൽ കോവിഡ് -19 രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1495 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,236 പേർ വീടുകളിലും 259 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയമുള്ള കേസ്സുകളിൽ 980 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 815 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവ് ആണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിലും രാജീവ്ഗാന്ധി ബയോടെക്നോളജി സെൻററിലും പരിശോധിക്കാനുള്ള അനുമതി ചോദിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിൽ വിമാനത്താവളമുള്ളിടങ്ങളിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന ചീഫ് സെക്രട്ടറിയുടെ അഭ്യർത്ഥന കാബിനറ്റ് സെക്രട്ടറി അംഗീകരിച്ചു.

നിലവിൽ സംസ്ഥാനത്തുള്ള സാഹചര്യങ്ങൾ മാർച്ച് പത്തിന് നടന്ന പ്രത്യേക മന്ത്രിസഭായോഗം വിലയിരുത്തി. പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ വിപുലവും ശക്തവുമായ ഇടപെടൽ തുടരേണ്ടതുണ്ട് എന്ന് തീരുമാനിച്ചു. രോഗപ്പകർച്ച തടയുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

1. വിദേശത്തുനിന്നും എത്തുന്ന എല്ലാവരെയും വിമാനത്താവളങ്ങളിൽ വച്ചുതന്നെ പ്രാഥമിക പരിശോധന നടത്തുന്നതിനും, അതിനനുസരിച്ച് ആശുപത്രിയിലോ, വീട്ടിലോ നിരീക്ഷണത്തിന് മാറ്റുന്നതിനും വേണ്ടി ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തണം.

2. അടിയന്തിര സാഹചര്യങ്ങളിൽ ഐസൊലേഷൻ രോഗനിരീക്ഷണ സംവിധാനങ്ങളൊരുക്കാനുള്ള പ്രവർത്തന പരിപാടിക്ക് ആരോഗ്യവകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതിന് അനുയോജ്യമായ സ്ഥലസൗകര്യവും ഭൗതികസാഹചര്യങ്ങളും ഓരോ ജില്ലയിലും തിട്ടപ്പെടുത്തി പ്രാഥമിക പരിശോധന നടത്തി വയ്ക്കണം.

3. പ്രീപ്രൈമറി, ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകളും, മെഡിക്കൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒഴികെയുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. ഈ നിയന്ത്രണം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾക്കും, അൺഎയ്ഡഡ് വിദ്യാലയങ്ങൾക്കും ബാധകമാണ്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എൽ.സി. പരീക്ഷകളും, എട്ട്, ഒമ്പത് ക്ലാസ്സുകളിലെ പരീക്ഷയും മാറ്റിവെയ്ക്കുന്നില്ല. ആ പരീക്ഷകൾ എഴുതാൻ വരുന്നവരിൽ ആർക്കെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിൽ പരീക്ഷ എഴുതിക്കും. പരീക്ഷ

ഒഴികെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒരുതരം പഠനപ്രവർത്തനവും മാർച്ച് 31 വരെ ഉണ്ടാകരുത്. ട്യൂഷൻ ക്ലാസുകൾ, സ്പെഷ്യൽ ക്ലാസുകൾ, അവധിക്കാല ക്ലാസുകൾ തുടങ്ങിയവയെല്ലാം ഒഴിവാക്കണം. ഇതിന് വേണ്ട നടപടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പും, പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിക്കേണ്ടതാണ്.

4. മദ്രസകൾ, അങ്കണവാടികൾ, ട്യൂട്ടോറിയലുകൾ എന്നിവയും മാർച്ച് 31 വരെ അടച്ചിടണം. അങ്കണവാടികളിൽ പോകുന്ന കുട്ടികൾക്കുള്ള ഭക്ഷണം അവരവരുടെ വീടുകളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ വനിതാശിശുക്ഷേമ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

5. എല്ലാത്തരം ഉത്സവങ്ങളും, പള്ളിപ്പെരുന്നാളുകളും അതുപോലെയുള്ള മറ്റ് പരിപാടികളും ഒഴിവാക്കുകയും അവ ചടങ്ങുകൾ മാത്രമായി നടത്തുകയും ചെയ്യണം. ജനങ്ങളെ കൂട്ടത്തോടെ പങ്കെടുപ്പിക്കുന്ന പരിപാടികൾ ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

6. വിവാഹങ്ങൾ വളരെ ചുരുങ്ങിയ രീതിയിൽ മാത്രം നടത്തുവാനും, ഒട്ടനവധിപേർ ദർശനത്തിനുവരുന്ന ആരാധനാലയങ്ങളിൽ ദർശനത്തിന് പോകുന്നത് ഒഴിവാക്കുവാനും പൊതുജനങ്ങളോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

7. സിനിമാശാലകൾ മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. നാടകം പോലെ ആളുകൾ അധികമായി ഒത്തുചേരുന്ന കലാ-സാംസ്കാരിക പരിപാടികളും മാറ്റിവെക്കണം.

8. നിരീക്ഷണത്തിലുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് ഭക്ഷണമെത്തിക്കാൻ ജില്ലാ ഭരണകൂടം നടപടി സ്വീകരിക്കേണ്ടണ്ടതാണ്.

9. മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികൾ ഉൾപ്പെടെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ പൊതുപരിപാടികളും മാറ്റിവെക്കും.

10. സർക്കാരുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും രോഗബാധ നിയന്ത്രിക്കാനുള്ള മുൻകരുതലുകൾ ഏർപ്പെടുത്തും. എല്ലായിടത്തും സാനിറ്റൈസർ ലഭ്യമാക്കും.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വാർഡ് മെമ്പർമാരുടേയും ആശാവർക്കർമാരുടെയും, റസിഡന്റ്സ് അസോസിയേഷനുകളുടേയും സഹായത്തോടെ, കോവിഡ് – 19 രോഗബാധിത പ്രദേശങ്ങളിൽ നിന്നും വന്നിട്ടുള്ളവരുണ്ടോയെന്ന് കണ്ടെത്താൻ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തും.

12. സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങളിൽക്കൂടി നൽകുന്ന വാർത്തകൾ അല്ലാതെ ചില അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ശക്തമായ നടപടി ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ടതാണ്.

13. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, മുടക്കമില്ലാതെ പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് കിട്ടാനും ആവശ്യമായ നടപടികൾ ഇലക്ട്രോണിക്സ് & ഐ.റ്റി. വകുപ്പ് സ്വീകരിക്കേണ്ടതാണ്.

14. പ്രവാസികളായ ഒട്ടനവധിയാളുകൾ അവധിക്ക് നാട്ടിലെത്തിയശേഷം ഇപ്പോൾ മടങ്ങിപ്പോകാനാകാതെ നാട്ടിലുണ്ട്. അവരുടെ ജോലി നഷ്ടപ്പെടുമോ എന്ന ആശങ്ക ഇവർക്കുണ്ട്. ഇവരുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നോർക്ക വകുപ്പ് ബന്ധപ്പെട്ട എംബസികളുമായി സംസാരിച്ച് പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തണം. അവരുടെ യാത്രാടിക്കറ്റുകൾ റദ്ദുചെയ്യപ്പെട്ട് സാമ്പത്തികനഷ്ടമുണ്ടാക്കാതെ, അവർക്ക് തിരിച്ചു പോകാനാകുന്ന സമയത്തേയ്ക്കായി മാറ്റിക്കിട്ടുന്നതിന് വിമാനക്കമ്പനികളുമായും കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയവുമായും ചർച്ചകൾ നടത്തി തീരുമാനിക്കണം. ഇത്തരം ആശങ്കകളും ബുദ്ധിമുട്ടും നേരിടുന്നവർക്ക് സഹായം നൽകുന്നതിന് നോർക്ക വകുപ്പ് ഒരു പ്രത്യേക കാൾ സെന്റർ ആരംഭിക്കേണ്ടതാണ്.

15. ആഗോളതല സാമ്പത്തിക വ്യാവസായിക പ്രതിസന്ധി കാരണം മരുന്നുകൾപോലുള്ള അവശ്യവസ്തുക്കളുടെ ഉത്പാദനത്തിൽ തടസ്സമുണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ വേണ്ടനടപടികൾ സ്വീകരിക്കുവാൻ വ്യവസായ വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**മടങ്ങി വരുന്ന ഇന്ത്യാക്കാരുടെ പ്രശ്നം**

കോവിഡ്-19 രോഗബാധ തീവ്രമായ രാജ്യങ്ങളിൽ നിന്ന് വരികയോ അവിടെ സന്ദർശനം നടത്തി വരുകയോ ചെയ്യുന്ന ഇന്ത്യാക്കാർക്ക് നാട്ടിലേക്ക മടങ്ങണമെങ്കിൽ അവിടത്തെ ആരോഗ്യവകുപ്പിൽ നിന്നും കോവിഡ്-19 രോഗബാധയില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കണം എന്ന നിബന്ധന കേന്ദ്രസർക്കാർ പുറപ്പെടുവിച്ചതിന്റെ ഫലമായി വിവിധ വിദേശ രാജ്യങ്ങളിലായി, പ്രത്യേകിച്ച് വിമാനത്താവളങ്ങളിലും മറ്റും ഒട്ടേറെ മലയാളികൾ കുടുങ്ങിപ്പോയതായി വിവരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളൊന്നും തന്നെ ഇത്തരം സാക്ഷ്യപത്രങ്ങൾ നൽകാനാകുന്ന സ്ഥിതിയിലല്ല എന്നതുകൊണ്ടുതന്നെ ഈ ഉത്തരവ് പിൻവലിക്കുന്നതിനും കുടുങ്ങിക്കിടക്കുന്ന യാത്രികരെ മടക്കിയെത്തിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ സത്വരമായ ഇടപെടൽ ആവശ്യമാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് 10-3-2020-ൽ തന്നെ പ്രധാനമന്ത്രിക്ക് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

**തുടർനടപടികൾ**

കോവിഡ്-19 ആഗോളതലത്തിൽ ഗുരുതരമായ ആഘാതമാണു സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ കൃത്യമായ നടപടിക്രമങ്ങളിലൂടെ നമ്മുടെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ

സാദ്ധ്യമാണ്. ഇക്കാര്യത്തിൽ ആശങ്കയല്ല ജാഗ്രതയും പൗരബോധത്തോടെയുള്ള പെരുമാറ്റവുമാണ് ആവശ്യം. ഇതുമായി ബന്ധപ്പെട്ട് ബഹുജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കാൻ നിയമസഭാംഗങ്ങൾ അടക്കമുള്ള പൊതുപ്രവർത്തകർ ജാഗ്രതയോടെ ഇടപെടേണ്ട ഘട്ടമാണിത്.

ഇക്കാര്യത്തിൽ എല്ലാവരുടേയും സഹകരണവും ഒത്തൊരുമിച്ചുള്ള പ്രവർത്തനവും ഉണ്ടാകണം. എല്ലാ സർക്കാർ സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിക്കുകയും എല്ലാ ജനങ്ങളും പരസ്പര ധാരണയോടെയും ജാഗ്രതയോടെയും സർക്കാർ നിർദ്ദേശങ്ങളോട് സഹകരിക്കുകയും വേണം.

ഒന്നിച്ചുനിന്ന് നമുക്ക് ഈ പ്രതിസന്ധിഘട്ടം തരണം ചെയ്യാം.

*Government Resolution (Rule 118)* :

Shri Pinarayi Vijayan, Chief Minister moved a resolution under rule 118 urging the Central Government to solve the problems being faced by NRIs due to the regulatory measures taken in the wake of Covid-19 outbreak.

കോവിഡ് -19 ലോകത്തിലെ പല രാജ്യങ്ങളിലും വ്യാപകമായതിനെ തുടർന്ന് യാത്രചെയ്യുന്നവർ, പ്രത്യേകിച്ച് രാജ്യാന്തര യാത്രക്കാർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇന്ത്യക്കാരായ പ്രവാസികൾ വളരെ വിഷമകരമായ സാഹചര്യം പലയിടത്തും നേരിടുന്നതായാണ് അറിയുന്നത്. കേന്ദ്രസർക്കാർ രോഗം പടരാതിരിക്കുന്നതിനുള്ള സുരക്ഷ ഒരുക്കുന്നതിനും യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും അടിയന്തരമായി ഇടപെടണം. എന്നാൽ, അതിനുപകരം ചട്ടങ്ങളുടെ കാഠിന്യം കൂട്ടുന്ന നടപടിക്രമങ്ങളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത് ഉത്കണ്ഠാജനകവും തീർത്തും ഒഴിവാക്കപ്പെടേണ്ടതുമാണ്.

ചൈനയിൽ വുഹാൻ പ്രവിശ്യയിലുള്ള വിദ്യാർത്ഥികൾക്ക് നാട്ടിലേക്ക് വരാൻ സൗകര്യങ്ങൾ ഒരുക്കണമെന്ന് സംസ്ഥാന സർക്കാർ ശക്തമായി ആവശ്യപ്പെട്ടതാണ്. അതിനെ തുടർന്ന് അവർക്ക് നാട്ടിലേക്ക് വരാൻ സൗകര്യമുണ്ടാക്കുകയും അവരെ മെഡിക്കൽ പരിശോധനയ്ക്കായി പ്രത്യേക സ്ഥലത്ത് പാർപ്പിക്കുകയും ചെയ്തിരുന്നു. പരിശോധനയ്ക്കുശേഷം രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അവരുടെ താമസസ്ഥലത്തേക്ക് പോകാൻ അനുവദിക്കുകയാണ് ഉണ്ടായത്.

പരീക്ഷിച്ച് വിജയിച്ച ഈ നടപടിക്രമം നിലവിലിരിക്കെയാണ് കേന്ദ്രവ്യോമയാന മന്ത്രാലയം 5-3-2020-ന് ഇതിന് വിരുദ്ധമായ ഒരു സർക്കുലർ പുറപ്പെടുവിച്ചത്. ഇറ്റലിയിൽ നിന്നും റിപ്പബ്ലിക്ക് ഓഫ് കൊറിയയിൽ നിന്നും യാത്രപുറപ്പെടുന്നവർക്കും ആ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്കും കോവിഡ്-19-ന്റെ ലക്ഷണങ്ങൾ ഇല്ലായെന്ന വൈദ്യപരിശോധനാ

സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഇന്ത്യയിൽ പ്രവേശനം ഉള്ളൂ എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 2020 മാർച്ച് 10 അർദ്ധരാത്രി 12 മണി മുതലാണ് 4/1/2020-IR എന്ന നമ്പറിലുള്ള ഈ സർക്കുലർ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അടിസ്ഥാനപരമായി ഇത് മനുഷ്യത്വവിരുദ്ധവും പ്രവാസികളായ ഇന്ത്യക്കാരെ നിഷ്കരുണം കൈവിടുന്നതിന് തുല്യവുമാണ്.

ഇറ്റലിയിൽ നിന്നും വിമാനടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ള മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാർക്ക് ഇതുമൂലം വിമാനത്തിൽ കയറാൻ സാധിക്കുന്നില്ല. ഇത് ഇവർക്ക് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇറ്റലിയിൽ ഇവരെയെല്ലാം വൈദ്യപരിശോധനയ്ക്ക് വിധേയരാക്കാനുള്ള സംവിധാനങ്ങൾ ഇപ്പോൾ ഇല്ലായെന്നാണ് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്.

രോഗലക്ഷണങ്ങൾ ഇല്ലാത്തവർക്ക് വൈദ്യ പരിശോധന നിർബന്ധമാക്കുന്നത് ന്യായയുക്തമല്ല എന്നും ഇവരെ യാത്രചെയ്ത് നാട്ടിലേക്ക് വരാൻ അനുവദിക്കണമെന്നും ഇവിടെയെത്തിയ ശേഷം ആവശ്യമായ വൈദ്യപരിശോധന പ്രോട്ടോക്കോൾ നിബന്ധനകൾ പ്രകാരം സ്വീകരിക്കാവുന്നതാണെന്നും ചൂണ്ടിക്കാണിച്ച് 11-3-2020 -ൽ സംസ്ഥാന സർക്കാർ ബഹു. പ്രധാനമന്ത്രിക്ക് സന്ദേശം അയച്ചിട്ടുണ്ട്.

പ്രവാസികളായ നമ്മുടെ നാട്ടുകാരെ ഇത്തരം പ്രതിസന്ധിഘട്ടത്തിൽ കൂടുതൽ വിഷമസന്ധിയിലാക്കുന്നത് കാലങ്ങളായി നാം സ്വീകരിച്ചുവരുന്ന നയസമീപനത്തിന് കടകവിരുദ്ധമാണ്. നമ്മുടെ നാടിന്റെ വികസനത്തിനും സമ്പദ്ഘടനയുടെ ശാക്തീകരണത്തിനും വിജ്ഞാനവർദ്ധനയ്ക്കും പ്രവാസി സമൂഹം നൽകുന്ന സംഭാവനകൾ അമൂല്യമാണ്. അവരെ ഈ പ്രതിസന്ധിഘട്ടത്തിൽ ഇത്തരത്തിൽ അധിക വൈഷമ്യത്തിലാക്കുന്ന സമീപനത്തിനെതിരെ ഈ സഭ അഭിപ്രായം രേഖപ്പെടുത്തുന്നു. നമ്മുടെ സമൂഹത്തിന്റെ എല്ലാ മേഖലകൾക്കും സംഭാവന നൽകുന്ന വിദേശത്തുള്ള നമ്മുടെ നാട്ടുകാരെ ഇവിടേക്കുവരുന്നതിൽ നിന്നും ഫലത്തിൽ വിലക്കുന്ന സർക്കുലർ ഉടൻ പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

ഇതോടൊപ്പം തന്നെ വിവിധ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസികൾ നാട്ടിൽ നിന്നും തിരിച്ചുപോയി ജോലിയിൽ പ്രവേശിക്കാൻ അതത് രാജ്യങ്ങളിലെ പലതരം നിബന്ധനകൾ കാരണം പ്രയാസങ്ങൾ നേരിടുകയാണ്. ഇതിനിടെയാണ് നമ്മുടെ ഭാഗത്തുനിന്നും കൂടി ചട്ടങ്ങൾ കർക്കശമാക്കുന്നത്. ഇത് പ്രവാസികളെ വല്ലാതെ വലയ്ക്കുന്നു. രോഗം പടരുന്നില്ല എന്ന് ഉറപ്പാക്കിക്കൊണ്ട് തന്നെ ഈ ചട്ടങ്ങളിൽ ഇളവുവരുത്താൻ കേന്ദ്രസർക്കാർ ശ്രദ്ധിക്കണമെന്നും ജോലിക്ക് തിരികെയെത്താൻ കഴിയാതെ വിഷമിക്കുന്നവർക്ക് വിസാ കാലാവധി, ജോലിക്ക് തിരികെ ചേരാനുള്ള കാലാവധി തുടങ്ങിയവ നീട്ടിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നയതന്ത്രതലത്തിൽ ഇടപെടണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.

The House passed the Resolution unanimously.

*Presentation of Report* :

Shri M. Rajagopalan as authorised by Shri George M. Thomas, Chairman, Committee on Private Members' Bills and Resolutions presented the Nineteenth Report of the Committee.

*Financial Business* :

Discussion and Voting on Demands for Grants in the Budget for the financial year 2020-2021

Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms moved Demand No.XXVII- Co-operation and Demand No. XLII- Tourism for the amounts shown against them under column No.5 in the list of Demands for Grants.

DR. T. M. Thomas Isaac, Minister for Finance and Coir laid on the table statements under Rule 236 (3) with regard to these Demands.

The cut motions were not moved.

Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms replied to the points raised during the discussion. Then the Demand No.XXVII and XLII were put to vote and passed.

The House adjourned at 12.13 p.m. to meet again 9.00 a.m. on Friday, March 13, 2020.

S. V. UNNIKRISHNAN NAIR,
*Secretary.*